# Malayala Manorama
# 30 August 2018
# Kochi; Flood Relief , Navy will Provide 8.9 Crore



പ്രളയത്തിൽ തകർന്ന മുട്ടിനകം വേവുകാട് ബാബുവിന്റെ വീട് ഇന്ത്യൻ നേവി ചീഫ് അഡ്മിറൽ സുനിൽ ലാംബ സന്ദർശിച്ചപ്പോൾ.

## ദുരിതാശ്വാസം: നാവികസേന 8.9 കോടി രൂപ ഇന്നു നൽകും

■ കൊച്ചിയിൽ മൂന്നു വീടുകളുടെ പുനർ നിർമാണവും ഏറ്റെടുക്കും

കൊച്ചി ● കേരളത്തിന്റെ പ്രളയ ദുരിതാശ്വാസനിധിയിലേക്കു സമാഹരിച്ച നാവികസേനയിലെ മുഴുവൻ ജീവനക്കാരുടെയും ഒരു ദിവസത്തെ വേതനമായ 8.9 കോടി രൂപയുടെ ചെക്ക് നാവികസേന അഡ്മിറൽ സുനിൽ ലാംബ ഇന്നു തിരുവനന്തപുരത്തു മുഖ്യമന്ത്രി പിണറായി വിജയനു കൈമാറും.

കൊച്ചിയിൽ പ്രളയക്കെടുതിയിൽ തകർന്ന മൂന്നു വീടുകളുടെ പുനർനിർമാണം നാവികസേന ഏറ്റെടുക്കുമെന്ന് അഡ്മിറൽ ലാംബ അറിയിച്ചു. നാവികസേനയുടെ പുനരധിവാസപ്രവർത്തനങ്ങൾ നേരിട്ടു വിലയിരുത്താനെത്തിയ അദ്ദേഹം തകർന്ന വീടുകൾ സന്ദർശിച്ച ശേഷമാണ് ഇതു പ്രഖ്യാപിച്ചത്. വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ മുട്ടിനകം, കടമക്കുടി ഗ്രാമപഞ്ചായത്തിലെ ചെറിയ കടമക്കുടി എന്നീ രണ്ടു സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് നേവി പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പാക്കുകയെന്ന് അദ്ദേഹം വ്യക്തമാക്കി.

പുഴത്തീരത്തെ പൂർണമായും തകർന്ന വീടുകളിലൊന്നിന്റെ പുനർനിർമാണം, പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും അങ്കണവാടിയുടെയും പൂർണമായ നവീകരണത്തോടൊപ്പം ഫർണിച്ചർ, മറ്റു പകരണങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയ സൗകര്യങ്ങളുമൊരുക്കലാണു മുട്ടിനകത്തു നടപ്പാക്കുക.

രണ്ടു വീടുകളുടെ പുനർനിർമാണം, അഞ്ചു വീടുകളുടെ മേൽക്കൂര നവീകരിക്കൽ, ഒരു അങ്കണവാടിയുടെ നിർമാണം, ജലവിതരണസൗകര്യത്തിനു സംവിധാനം എന്നിവയാണു ചെറിയ കടമക്കുടിയിൽ നടപ്പാക്കുന്നത്. പിഴല ദ്വീപിനെ ചെറിയ കടമക്കുടിയുമായി ബന്ധിപ്പിക്കുന്ന പാലം നിർമിക്കണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ നേവി പരിഗണിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

വസ്ത്രങ്ങൾ, ശുചീകരണ സാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവയടങ്ങിയ 800 കിറ്റുകൾ മുട്ടിനകത്തും 500 കിറ്റുകൾ ചെറിയ കടമക്കുടിയിലും വിതരണം ചെയ്തു.

നേവി വൈവ്സ് വെൽഫെയർ അസോസിയേഷൻ സമാഹരിച്ച 25 ലക്ഷം രൂപ വിലമതിക്കുന്ന സാധനങ്ങൾ ദുരിതബാധിതർക്കു നൽകാനായി ഗ്രാമപഞ്ചായത്ത് അധികൃതർക്കു കൈമാറി. നാവികസേനയിലെ ഓരോ അംഗത്തിനും കൊച്ചി ജന്മഭൂമിയാണ്. ഇവിടെ പരിശീലനം നേടിയശേഷമാണ് ഓരോ നാവികസേനാംഗവും കടന്നുപോകുന്നതെന്നും കൊച്ചിക്കു നേരിടുന്ന ഏതു ദുരന്തത്തിനും ആശ്വാസമേകാൻ നാവികസേനയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വൈസ് അഡ്മിറൽ എ.കെ. ചൗളയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. വൈസ് അഡ്മിറൽ എ.കെ. ചൗള, നേവി വൈവ്സ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് റീന ലാംബ, നേവി വൈവ്സ് വെൽഫെയർ അസോസിയേഷൻ ദക്ഷിണമേഖലാ പ്രസിഡന്റ് സപ്ന ചൗള, എംഎൽഎമാരായ എസ്. ശർമ, വി.ഡി. സതീശൻ, കലക്ടർ മുഹമ്മദ് സഫിറുല്ല എന്നിവരും പ്രസംഗിച്ചു.